# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1362 | 03.12.2015-ൽ മറുപടിക്ക് |

**ഭൂമിയുടെ അണ്ടർ വാല്യൂവേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ | | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| എ) | ഭൂമിയുടെ അണ്ടർ വാല്യൂവേഷൻ കേസ്സുകളിൽ തീർപ്പ് കൽപ്പിക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | എ) | ഉണ്ട്. 1959-ലെ കേരള മുദ്രപത്ര നിയമത്തിലെ 9(1)(സി) വകുപ്പിന്റെ അടിസ്ഥാനത്തിൽ ടി നിയമത്തിലെ 45 ബി വകുപ്പ്പ്രകാരം നടപടി സ്വീകരിച്ച അണ്ടർവാല്യുവേഷൻ കേസുകളിൽ തീരുമാനമാകാതെ കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനായി പൊതുതാൽപര്യാർത്ഥം മുദ്രവില / രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ ഇളവു നൽകിക്കൊണ്ട് 25.08.2012 ലെ ജി.ഒ.(പി) നമ്പർ 151/2012/നി.വ. സർക്കാർ ഉത്തരവ് പ്രകാരം കോമ്പൗണ്ടിംഗ് പദ്ധതി നിലവിൽ വന്നിട്ടുണ്ട്. ടി പദ്ധതിയുടെ കാലാവധി 31.03.2014 ൽ അവസാനിപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലില്ല. |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | ബി) | ആധാരങ്ങളിൽ വില കുറച്ചുകാണിച്ചതുമായി ബന്ധപ്പെട്ട് 1986 മുതൽ 31.03.2012 വരെ കാലയളവിലുള്ള കുടിശ്ശിക അണ്ടർവാല്യുവേഷൻ കേസുകൾ സമയബന്ധിതമായി പൂർത്തിയാക്കി സർക്കാരിലേക്ക് ലഭിക്കാനുള്ള റവന്യൂ വരുമാനം സമാഹരിക്കുക എന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. 31.03.2014 വരെ 1,31,111 കേസുകൾ തീർപ്പാക്കിയതിലൂടെ 30.36 കോടി രൂപ സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | സി) | പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനാവശ്യമായ ഫണ്ട് സർക്കാർ തലത്തിൽ ലഭ്യമാക്കിയിരുന്നു. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ സർക്കാർ തലത്തിലും വകുപ്പ് തലത്തിലും യഥാസമയം നൽകിയിരുന്നു. |

**സെക്ഷൻ ഓഫീസർ**